സിവിൽ സപ്ലൈസ് കോർപ്പറേഷൻ വാങ്ങിയ പഴംസസ് ആൻറ് സ്പൈസസ്

64 [2053] ശ്രീ. ടി. എം. ജേക്കബ്:
,, ആർ. ബാലകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം സിവിൽ സപ്ലൈസ് കോർപ്പറേഷൻ, റീജിയണൽ പർച്ചേസിലൂടെ 2005 ജൂൺ 30 വരെ എത്ര ലോഡ് പഴംസസ് ആൻഡ് സ്പൈസസ് ഇനങ്ങളാണ് വാങ്ങിയിട്ടുണ്ട് എന്നും ഇതിൻറെ മാത്രം വിറ്റുവരവ് എത്രയെന്നും വിശദമാക്കാമോ;

(ബി) റീജിയണൽ പർച്ചേസിലൂടെ ആർക്കൊക്കെയാണ് സപ്ലൈ ഓർഡർ നൽകിയതെന്നും ഓരോരുത്തരും എത്ര ലോഡുകളാണ് വീതം ഏതൊക്കെ ഡിപ്പോകളിൽ സപ്ലൈ ചെയ്തതെന്നും, അവ ഏതൊക്കെ ഇനങ്ങളായിരുന്നുവെന്നും ഏതൊക്കെ മാസങ്ങളിൽ ഏന്നും വിശദമാക്കാമോ;

(സി) റീജിയണൽ ടെണ്ടർ പ്രകാരം കോർപ്പറേഷന് സപ്ലൈ ചെയ്ത പഴംസസ് ആൻറ് സ്പൈസസ് ഇനങ്ങളിൽ ഗുണനിലവാരത്തിൻറെ പേരിൽ ആരുടെയെങ്കിലും ലോഡുകൾ റിജക്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര ലോഡുകൾ എന്നും, ആരുടെതൊക്കെയെന്നും ഏതു മാസങ്ങളിൽ എവിടെ സപ്ലൈ ചെയ്തതാണെന്നും ഏത് ഇനങ്ങളാണെന്നും വ്യക്തമാക്കാമോ;

(ഡി) റീജിയണൽ ടെണ്ടർ പ്രകാരം ഓരോ റീജിയണുകളിലും 2005 ജൂൺ 30 വരെയുള്ള കഴിഞ്ഞ 9 മാസത്തിനുള്ളിൽ എത്ര ലോഡുകൾ വീതം എടുത്തുവെന്നും ഓരോ റീജിയണുകളിലേയും ടി പർച്ചേയ്സിലൂടെ മാത്രമുള്ള വിറ്റുവരവ് എത്രവീതമെന്നും റീജിയൺ തിരിച്ച് വ്യക്തമാക്കാമോ;

(ഇ) ഈ സർക്കാർ നിലവിൽ വന്നശേഷം സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലോക്കൽ പർച്ചേയ്സ് വഴി എത്ര ലോഡ് പഴംസസ് ആൻഡ് സ്പൈസസ് ഇനങ്ങൾ വാങ്ങിയിട്ടുണ്ടെന്നും പ്രസ്തുത ഇനങ്ങളുടെ, 2005 ജൂൺ 30 വരെയുള്ള ആകെ വിറ്റുവരവ് എത്രയെന്നും വ്യക്തമാക്കാമോ;

(എഫ്) ഈ സർക്കാർ ചാർജ്ജെടുത്തശേഷം ലോക്കൽ പർച്ചേസിലൂടെ വാങ്ങിയ പഴംസസ് ആൻഡ് സ്പൈസസ് ഇനങ്ങൾ ഏതൊക്കെ ഡിപ്പോകളിൽ ഏതേത് മാസങ്ങളിൽ ആരൊക്കെയാണ് സപ്ലൈ ചെയ്തതെന്നും വ്യക്തമാക്കാമോ;

(ജി) ലോക്കൽ പർച്ചേസിലൂടെ പഴംസസ് ആൻഡ് സ്പൈസസ് ഇനങ്ങൾ കോർപ്പറേഷൻറെ ഏത് തലത്തിലുള്ള ഉദ്യോഗസ്ഥരാണ് പർച്ചേസ് ചെയ്തതെന്നും ഓരോ സപ്ലയേഴ്സിനും ഓർഡർ നൽകിയതിൻറെ കാണ്ടിറ്റി എത്ര വീതമെന്നും ഏതൊക്കെ ഇനങ്ങളെന്നും ഇനം തിരിച്ച് വിശദമാക്കാമോ?

ഉത്തരം

(എ,ബി,സി,ഡി,ഇ ആൻറ് എഫ്) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ജി) ലോക്കൽ പർച്ചേസിലൂടെ പേപ്പർ ആൻഡ് സ്റ്റേഷനറി വാങ്ങുന്നതിനുള്ള ഓർഡർ നൽകുന്നത് എട്ടുപേരടങ്ങിയ ഡിപ്പോ മാനേജ്മെന്റ് കമ്മിറ്റിയാണ്. ഡിപ്പോയിലെ അസിസ്റ്റന്റ് മാനേജർ, ജൂനിയർ മാനേജർ (മാർക്കറ്റിംഗ്) മാനേജർ (കാഷ്യർ കൺട്രോൾ) അഞ്ച് ഔട്ട്ലെറ്റ് ഷോപ്പ് മാനേജർമാർ എന്നിവർ അടങ്ങുന്ന കമ്മിറ്റിയാണ് പർച്ചേസ് ചെയ്യുന്നതിനുള്ള നിർദ്ദേശം എടുക്കുന്നത്. ഓരോ സപ്ലയേഴ്സിനും ഓർഡർ നൽകിയതിന്റെ കാണ്ടിറ്റി എത്ര വീതമെന്നും ഏതൊക്കെ ഇനങ്ങളെന്നുമുള്ള വിവരം ശേഖരിച്ചു വരുന്നു.

പേപ്പർ ആൻഡ് സ്റ്റേഷനറി ടെണ്ടറുകളിൽ ഗുണനിലവാരത്തിലുള്ള ഇളവുകൾ

65 [2054] ശ്രീ. കെ. ബി. ഗണേഷ്കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഹെഡ് ഓഫീസ് വഴി നടത്തുന്ന പേപ്പർ ആൻഡ് സ്റ്റേഷനറി ടെണ്ടറുകളിൽ ഗുണനിലവാരത്തിൽ എന്തെല്ലാം ഇളവുകളാണ് വരുത്തിയിരിക്കുന്നത്;

(ബി) ചില സപ്ലയർമാരുടെ മാത്രം ഗുണനിലവാരമില്ലാത്ത സാധനങ്ങൾ സ്വീകരിക്കുകയും ചില സപ്ലയർമാരുടെ ഗുണനിലവാരമുള്ള സാധനങ്ങൾ നിരസിക്കുകയും ചെയ്ത സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ;

(സി) സിവിൽ സപ്ലൈസ് കോർപ്പറേഷൻവഴി 2005 ജനുവരിയിൽ വിതരണം ചെയ്ത ചെറുപയർ, ടെണ്ടർ നിബന്ധന പ്രകാരമുള്ള നല്ലയിനം 4 എം. എം. വലുപ്പത്തിലുള്ളതിന് പകരം 2 എം. എം., 3 എം. എം. വലുപ്പത്തിലുള്ളതും ഗുണനിലവാരമില്ലാത്തതും വിലകുറഞ്ഞതുമായിരുന്നു എന്ന പരാതികളെപ്പറ്റി അന്വേഷിച്ച് കുറ്റക്കാർക്കെതിരെ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തുന്ന പേപ്പർ ആൻഡ് സ്റ്റേഷനറി ടെണ്ടറുകളിൽ ഗുണനിലവാരത്തിൽ ഇളവുകൾ ഒന്നുംതന്നെ വരുത്തിയിട്ടില്ല.

(ബി) 2001 ഒക്ടോബർ മുതൽ 2004 സെപ്തംബർ വരെയുള്ള വർഷങ്ങളിൽ ഇതിനെപ്പറ്റി പരാതികൾ നിലവിലുണ്ട്. അതെപ്പറ്റി അന്വേഷണം നടന്നുവരുന്നു.

(സി) ഇന്ത്യയിലെ ഭക്ഷ്യ നിയമങ്ങളിലും ചട്ടങ്ങളിലും (പ്രധാനമായി പി. എഫ്. എ. നിയമം, ബി. ഐ. എസ്. വ്യവസ്ഥകൾ എന്നിവയിൽ) ചെറുപയറിന്റെ വലിപ്പം ഗുണനിലവാര മാനദണ്ഡമായി പ്രതിപാദിച്ചിട്ടില്ല. ചെറുപയറിലെ വലുപ്പ വ്യത്യാസം ഗുണനിലവാരത്തിന്റെ മാനദണ്ഡമായി കോർപ്പറേഷനും വിലയിരുത്തിയിട്ടില്ല. ആയതിനാൽ ആരെങ്കിലും എന്തെങ്കിലും കുറ്റം ചെയ്തതായി വ്യക്തമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly